3532
24/3/15

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം –സീനിയർ ക്ലാർക്ക് ശ്രീ.സഞ്ജു.ഡി.എസ്.നായർക്ക് 24-ാം സംസ്ഥാന വനം കായികമേളയിൽ പങ്കെടുക്കവെ അപകടം സംഭവിച്ച് ചികിത്സയിലായിരുന്ന കാലയളവ് പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

ജി.ഒ(സാധാ) നം. 127/2015/വനം തീയതി, തിരുവനന്തപുരം, 26/03/2015

പരാമർശം: 1) ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 20/03/2014, 24/07/2014 തീയതികളിലെ E3-6906/14 നമ്പർ കത്ത്.

2) ശ്രീ.സഞ്ജു ഡി.എസ്.നായർ, സീനിയർ ക്ലാർക്കിന്റെ 03/03/2014 തീയതിയിലെ അപേക്ഷ.

ഉത്തരവ്

കോട്ടയത്ത് വച്ച നടന്ന 24-ാമത് സംസ്ഥാന വനം കായിക മേളയിൽ കൊല്ലം സതേൺ സർക്കിളിനെ പ്രതിനിധീകരിച്ച് കബടി ടീമിൽ പങ്കെടുത്തിരുന്ന ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ സീനിയർ ക്ലാർക്കായ ശ്രീ.സഞ്ജു ഡി.എസ്.നായർക്ക് കായികമേളയുടെ ആദ്യ ദിവസമായ 08/01/2014-ന് കബഡി മത്സരത്തിൽ പങ്കെടുക്കവെ കൈക്ക് പരിക്കേൽക്കുകയും സർജറിക്ക് വിധേയനാക്കുകയും ചെയ്തിരുന്നു. അപകടത്തെ തുടർന്ന് ശ്രീ.സഞ്ജു ചികിത്സയിലായിരുന്ന 08/01/2014 മുതൽ 02/03/2014 വരെയുള്ള കാലയളവ് ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ച ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന പ്രത്യേക അവശതാവധിയായി അനുവദിച്ച് ഉത്തരവാകണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) പരാമർശിത കത്ത് പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വനം കായികമേളയിൽ പങ്കെടുക്കവെ അപകടം സംഭവിച്ച സീനിയർ ക്ലാർക്ക് ശ്രീ.സഞ്ജു.ഡി.എസ്.നായർക്ക് അപകടത്തെ തുടർന്ന് ചികിത്സയിലായിരുന്ന 08/01/2014 മുതൽ 02/03/2014

വരെയുള്ള കാലയളവ് ഒരു പ്രത്യേക കേസായി പരിഗണിച്ച് കെ.എസ്.ആർ ഭാഗം I ചട്ടം 98 പ്രകാരം ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിക്കുന്ന ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന പ്രത്യേക അവശതാവധിയായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.വി.സുധീർ**
**ജോയിന്റ് സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം
(സേവന പുസ്തകം സഹിതം)
ശ്രീ.സഞ്ചു ഡി.എസ്.നായർ, (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഐ & വെബ് മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ